പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1610 15.2.2016-ൽ മറുപടിയ്ക്ക്

**ക്ഷീര മേഖല**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ചന്ദ്രൻ<br>ശ്രീ.സി.കെ.സദാശിവൻ<br>ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീ.കെ.കെ.ജയചന്ദ്രൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും,മൃഗസംരക്ഷണവും അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കാലിത്തീറ്റയുടെ ലഭ്യതക്കുറവും വിലവർദ്ധനയും ക്ഷീര മേഖലയിലുണ്ടാക്കിയിട്ടുള്ള പ്രത്യാഘാതങ്ങളെക്കുറിച്ച് വിശദീകരിക്കാമോ; | എ) കാലിത്തീറ്റയുടെ ലഭ്യതക്കുറവും വിലവർദ്ധനയും മൂലം ഉത്പാദനച്ചെലവ് വർദ്ധിക്കുകയും തന്മൂലം കർഷകർക്ക് വരുമാനം കുറയുകയും ചെയ്യുന്നു. ഇതുമൂലം ഈ മേഖലയോടു വിട പറയുന്ന കർഷകരുടെ എണ്ണം കൂടി വരുന്നു. |
| ബി) പാലുല്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിലയിരുത്തിയിട്ടുണ്ടോ;വിശദാംശം നൽകാമോ; | ബി) ഇത് സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു.<br>1)മൃഗസംരക്ഷണ വകുപ്പ് എല്ലാ പഞ്ചായത്തിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും മൃഗ ചികിത്സാ സേവനവും കൃത്രിമ ബീജാധാന സൗകര്യവും ഏർ പ്പെടുത്തിയിട്ടുണ്ട്.<br>2)ക്ഷീരോൽപാദനത്തിൽ മുന്നിൽ നിൽക്കുന്ന 50 ബ്ലോക്കുകളിൽ രാത്രികാല വെറ്ററിനറി സേവനം ഏർപ്പെടുത്തിയിട്ടുണ്ട്.<br>3)സംസ്ഥാനത്തുണ്ടാകുന്ന സങ്കര വർഗ്ഗത്തിൽപെട്ട കന്നുകുട്ടികൾക്ക് 50% സബ്സിഡി നിരക്കിൽ പോഷകാഹാരം നൽകുന്നു. ഗോവർദ്ധിനി / കന്നുകുട്ടി പരിപാലനം എന്നീ പദ്ധതി നടപ്പിലാക്കി വരുന്നു.<br>4)എരുമവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് കണ്ണൂർ, തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ ക്ഷീരകർഷകർക്ക് എരുമകളെ വാങ്ങുന്നതിന് സാമ്പത്തികസഹായം നൽകിയിട്ടുണ്ട്. കുട്ടനാട് പാക്കേജ് മുഖേന ആലപ്പുഴ, കോട്ടയം,പത്തനംതിട്ട ജില്ലകളിൽ പശുക്കളേയും എരുമകളേയും വാങ്ങുന്നതിന് സാമ്പത്തിക സഹായം നൽകി, തൊഴുത്ത് നിർമ്മാണം, മാലിന്യനിർമാർജ്ജനം അസോളകൃഷി എന്നിവയ്ക്കും സാമ്പത്തിക |

സഹായം നൽകി.
5) പശുക്കളേയും എരുമകളേയും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനും,
6) ക്ഷീരോല്പാദന വർദ്ധനവിന് ആവശ്യമായ ശാസ്ത്രീയമുറകളെ കുറിച്ച് കർഷകർക്ക് പരിശീലന പരിപാടികൾ നടത്തിവരുന്നു,
7) കന്നുകാലികൾക്ക് കുളമ്പുരോഗം ഉൾപ്പെടെ സാംക്രമികരോഗങ്ങൾക്ക് സമഗ്രവാക്സിനേഷൻ പരിപാടി നടപ്പാക്കുന്നു,
8) പ്രകൃതി ദുരന്തങ്ങൾ, കുളമ്പുരോഗബാധ എന്നിവ മൂലം കറവപ്പശുക്കൾ മരണപ്പെട്ടാൽ ഉടമസ്ഥർക്ക് സാമ്പത്തിക സഹായം നൽകുന്നു.

ക്ഷീര വികസന വകുപ്പ് താഴെ പറയുന്ന പരിപാടികൾ നടപ്പാക്കി വരുന്നു. കർഷകർക്ക് ലാഭകരമായ ക്ഷീരോല്പാദനത്തിന് പ്രചോദനം നൽകുക, ഉല്പാദനക്ഷമത കൂടിയ കറവ പ്പശുക്കളെ ലഭ്യമാക്കി പാലുല്പാദനം വർദ്ധിപ്പിക്കുക, ഡയറി യൂണിറ്റുകൾ സ്ഥാപിക്കുക, ഗുണനിലവാരമുള്ള പാൽ സഹകരണ മേഖലയിലൂടെ വിപണനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുക , ജീവനക്കാർക്കുള്ള പരിശീലന പരിപാടികൾ, സംസ്ഥാനകത്തുനിന്ന് ഉല്പാദനക്ഷമത കൂടിയ കറവപ്പശുക്കളെ വളർത്തിയെടുക്കുക കിടാരി വളർത്തൽ യൂണിറ്റുകൾ ആരംഭിക്കുക, വാണിജ്യാടിസ്ഥാനത്തിലുള്ള ക്ഷീരോല്പാദനത്തിലേക്ക് മാറുന്നതിനുള്ള പ്രവർത്തനങ്ങൾ, സ്വയം സഹായ സംഘങ്ങൾ, വിവിധ ബാങ്കുകൾ/ധനകാര്യ സ്ഥാപനങ്ങൾ, മൃഗസംരക്ഷണവകുപ്പ്, മിൽമ മേഖലാ യൂണിയനുകൾ, കെ.എൽ.ഡി ബോർഡ് തുടങ്ങിയ സ്ഥാപനങ്ങൾ ക്ഷീരവികസന വകുപ്പുമായി സഹകരിച്ച് പ്രവർത്തനങ്ങൾ നടത്തി വരുന്നു. മിൽയുമായി ബന്ധപ്പെട്ട വിവരങ്ങൾ അനുബന്ധമായി നൽകിയിരിക്കുന്നു. കേരള ഫീഡ്സ് കമ്പനിയുടെ പ്രതിദിന ഉൽപാദനം 500 ടണ്ണിൽ നിന്നും 1000 ടണ്ണായി ഉയർത്തിയിട്ടുണ്ട്. ഗുണമേന്മയുള്ള കാലിത്തീറ്റ മിതമായ തോതിൽ ലഭ്യമാക്കുന്നതിന് നിലവിലുള്ള യൂണിറ്റുകൾക്ക് പുറമേ കേരളാ ഫീഡ്സ് കോഴിക്കോട് യൂണിറ്റ് പരീക്ഷണാടിസ്ഥാനത്തിൽ ഉൽപാദനം

| | | | |
|---|---|---|---|
| | | | നേരിടുന്ന പ്രശ്നങ്ങൾ.<br>മിൽമയുടെ കീഴിലുള്ള ക്ഷീരസംഘങ്ങളിലെ ക്ഷീരകർഷകർ നേരിടുന്ന പ്രധാന പ്രശ്നം മൃഗചികിത്സയും കൃത്രിമബീജധാനവുമായി ബന്ധപ്പെട്ടവയാണ്. 24 മണിക്കൂറും ചികിത്സാ സൗകര്യവും കൃത്രിമ ബീജധാന സൗകര്യവും ലഭ്യമല്ലാത്തത് കാലിസമ്പത്തിന്റെ വികാസത്തിനും ഉൽപാദന വർദ്ധനവിനും തടസ്സമാണ്. ഉൾനാടൻ ജില്ലകളിൽ സർക്കാർ സംവിധാനത്തിലൂടെ പശുക്കൾക്കുള്ള കൃത്രിമബീജ ധാന സൗകര്യം തൃപ്തികരമല്ലാത്ത രീതിയിൽ ആകയാൽ ക്ഷീരസംഘങ്ങൾ കേന്ദ്രമാക്കി ക്ഷീരസംഘ ജീവനക്കാരെ പരിശീലിപ്പിച്ചു കൊണ്ട് ബീജസങ്കലന സൗകര്യങ്ങൾ ലഭ്യമാക്കണം. പശുക്കളെ വാങ്ങുന്നതിനുള്ള ലോണുകളുടെ പലിശ നിരക്കുകൾ 11 മുതൽ 15% വരെയാണ്. |
| ഇ) | ക്ഷീരകർഷകരെ സഹായിക്കാനുള്ള പ്രഖ്യാപനങ്ങൾ കടലാസിലൊതുങ്ങിയതോടെ കർഷകരും ചെറുകിട ക്ഷീരസഹകരണ സംഘങ്ങളും പ്രതിസന്ധിയിലായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | ഇ) | ക്ഷീരകർഷകരെ പരമാവധി സഹായിക്കാനുള്ള പദ്ധതികളാണ് വകുപ്പ് നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## പാലുൽപാദനം പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

മിൽമയുടെ താഴെ പറയുന്ന മേഖല യൂണിയനുകൾ സ്വന്തം ഫണ്ടുപയോഗിച്ചും വിവിധ കേന്ദ്ര-സംസ്ഥാന പദ്ധതികളിലൂടെ ലഭിച്ച ഫണ്ടുപയോഗിച്ചും പാലുൽപാദനം വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

### മലബാർ മേഖല യൂണിയൻ

പാലുൽപാദനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഉപാധികൾ കർഷകരിലേക്ക് എത്തിച്ചു നൽകുന്നതിലൂടെ കൂടുതൽ പേരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും യൂണിയന്റെ പാൽ സംഭരണം വർദ്ധിപ്പിക്കുന്നതിനുമായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതുമൂലം പാലുൽപാദനത്തിൽ മലബാർ മേഖലയ്ക്ക് സ്വയം പര്യാപ്തത നേടുന്നതിന് സാധിച്ചിട്ടുണ്ട്.

1. കിടാരി പരിപാലന പരിപാടി
2. നിലമ്പൂർ, അട്ടപ്പാടി പ്രദേശത്തെ കർഷകർക്ക് പശുക്കളെ വാങ്ങുന്നതിനും സംഘങ്ങൾക്ക് മിൽമയുടെ ഫണ്ടുപയോഗിച്ച് റിവോൾവിംഗ് ഫണ്ട് നൽകി.
3. സംസ്ഥാന സർക്കാർ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ സാമ്പത്തിക സഹായത്തോടെ പശുക്കളെ വിതരണം ചെയ്തു.
4. സമീകൃത കാലിത്തീറ്റ, വയ്ക്കോൽ, പച്ചപുല്ല്, ബദൽ തീറ്റ വിതരണം
5. ഫാം സപ്പോർട്ട് പദ്ധതിയിൽ സബ്സിഡിയോടെ ഫാം ഉപകരണങ്ങൾ
6. ക്ഷീരകർഷകർക്കും കന്നുകാലികൾക്കും കുറഞ്ഞ നിരക്കിൽ ഇൻഷുറൻസ് പരിരക്ഷയും നൽകി വരുന്നു.

## തിരുവനന്തപുരം മേഖല യൂണിയൻ

പ്രവർത്തന മേഖലയിലെ പാലുൽപാദന വർദ്ധനവിനായി കഴിഞ്ഞ സാമ്പത്തിക വർഷം 582 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതുമൂലം പാലുൽപാദനത്തിൽ 5.25% വർദ്ധനവുണ്ടാക്കുന്നതിന് സാധിച്ചു. തിരുവനന്തപുരം മേഖല യൂണിയൻ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. കന്നുകാലികളെ ദത്തെടുക്കൽ പദ്ധതി
2. മിനിഡയറി പദ്ധതി
3. കിടാരികളെ ദത്തെടുക്കൽ പദ്ധതി
4. റിവോൾവിംഗ് ഫണ്ട്
5. കാലിത്തീറ്റ സബ്സിഡി
6. ക്ഷീരകർഷകർക്കുള്ള ഇൻഷുറൻസ് സബ്സിഡി എന്നീ പദ്ധതികൾ ഇ തിലുൾപ്പെടുന്നു.

## എറണാകുളം മേഖലാ യൂണിയൻ

കേരളത്തിൽ പാലിന്റെ ഉപഭോഗവും, ആഭ്യന്തര ഉല്പാദനവും തമ്മിലുള്ള അന്തരം കുറച്ചു കൊ ണ്ട് പാലിന്റെ കാര്യത്തിൽ സംസ്ഥാനത്തെ സ്വയം പര്യാപ്തമാക്കുന്നതിനുള്ള താഴെ പറയുന്ന പദ്ധതികൾ എറണാകുളം മേഖലാ യൂണിയൻ മുഖേന നടപ്പിലാക്കിയിട്ടുണ്ട്.

- കുറഞ്ഞ പലിശ നിരക്കിൽ കർഷകർക്ക് പശുവിനെ വാങ്ങുന്നതിനുള്ള വായ്പ ലഭ്യമാക്കി.
- സബ്സിഡിയോടു കൂടി, കുറഞ്ഞ പ്രീമിയം നിരക്കിൽ കന്നുകാലി ഇൻഷ്വറൻസ് മാസ്റ്റർ പോളിസി നടപ്പിലാക്കി.
- പശുവിനെ വാങ്ങുന്നതിനുള്ള വായ്പയ്ക്ക് സബ്സിഡി നൽകി.

കൂടാതെ എൻഡിപി, എൻപിഡിഡിബിബി, ആർകെവിവൈ മുതലായ പദ്ധതികൾ വഴി ക്ഷീരോൽപാദന വർദ്ധനവിനും വർദ്ധിച്ചു വരുന്ന പാൽ ശീതികരിക്കുന്നതിനും സംസ്ക്കരിക്കുന്നതിനും മൂല്യവർദ്ധിത ക്ഷീര ഉൽപ്പന്നങ്ങൾ ആക്കുന്നതിനും സംവിധാനങ്ങൾ സൃഷ്ടിച്ചുകൊണ്ട് നടപടികൾ മേഖലാ യൂണിയനുകൾ സ്വീകരിച്ചു വരുന്നു

## പാലുൽപാദനം പ്രോത്സാഹിപ്പിക്കുന്നതിന് പ്രഖ്യാപിച്ചിട്ടുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ചും നിലവിൽ നൽകുന്ന ആനുകൂല്യങ്ങളും

മിൽമയുടെ മേഖല യൂണിയനുകൾ സ്വന്തം ഫണ്ടുപയോഗിച്ചും വിവിധ കേന്ദ്ര-സംസ്ഥാന പദ്ധതികളിലൂടെ ലഭിച്ച ഫണ്ടുപയോഗിച്ചും പാലുൽപാദനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. മുൻ ഖണ്ഡികയിൽ പറഞ്ഞിരിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതോടൊപ്പം മലബാർ മേഖല യൂണിയൻ 21.12.2015 മുതൽ ക്ഷീരസംഘങ്ങൾ മലബാർ മേഖല യൂണിയന് നൽകുന്ന ഓരോ ലിറ്റർ പാലിനും കർഷകർക്ക് നൽകുന്നതിനായി 2 രൂപ വീതം നൽകി വരുന്നു. കൂടാതെ ആനന്ദ് മാതൃക ക്ഷീര സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനായി മിൽമ മലബാർ യൂണിയനിൽ ഓഹരിയായി ഓരോ ലിറ്ററിനും 2 രൂപയും സംഘങ്ങൾക്ക് പ്രവർത്തന ഗ്രാന്റായി ഓരോ ലിറ്ററിനും ഓരോ രൂപ വീതവും നൽകുന്നതിനു തീരുമാനിച്ചിട്ടുണ്ട്. ഏതാണ്ട് 30 കോടിയോളം രൂപ ഈയിനത്തിൽ നൽകുവാൻ ഉദ്ദേശിക്കുന്നു.

തിരുവനന്തപുരം മേഖല യൂണിയൻ 2015 ഡിസംബർ, 2016 ജനുവരി മാസങ്ങളിൽ സംഘം മുൻവർഷം നൽകിയ പാലിന് അധികമായി ,നൽകിയ ഓരോ ലിറ്റർ പാലിനും 1 രൂപ ഇൻസെന്റീവ് ആയി നൽകാൻ തീരുമാനിച്ചിട്ടുണ്ട്. വേനൽക്കാല ഇൻസെന്റീവായി 2016 ഫെബ്രുവരി മുതൽ മാർച്ച് 31 വരെ കർഷകർ ഒഴിക്കുന്ന ഒരു ലിറ്റർ പാലിന് 2 രൂപ ഇൻസെന്റീവ് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. 2014– 15 വർഷം 240 ദിവസത്തിൽ 1200 ലിറ്റർ പാൽ(12%ഖരപദാർത്ഥം) നൽകിയ വനിത കർഷകർക്ക് 100 തൊഴിൽദിനങ്ങൾ ഉറപ്പു വരുത്തി 10000 രൂപ വേതനം നൽകുന്ന ഡോ.കുര്യൻ മെമ്മോറിയൽ പദ്ധതി നടപ്പിലാക്കുന്നു. 1000 വനിതാ ക്ഷീരകർഷകർക്കും 1000 പുരുഷകർഷകർക്കും ഇത് ലഭിക്കുന്നതാണ്. ഒരു ജില്ലയിൽ 2 കർഷകർ വീതം 4 ജില്ലകളിൽ സാമ്പത്തികമായി ഏറ്റവും പിന്നോക്കം നിൽക്കുന്ന 8 കർഷകർക്ക് വീട് വെച്ച് നൽകുന്ന മിൽമ ഭവന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. മേഖല യൂണിയന്റെ പ്രവർത്തന ലാഭത്തിൽ നിന്നും പാൽ നൽകിയതിന്റെ അനുപാതത്തിൽ 2015–16 വർഷം 20 കോടി രൂപ ഇൻസെന്റീവായി നൽകി. ഇതിൽ 10 കോടി രൂപ ക്യാഷായും 10 കോടി രൂപ സംഘങ്ങൾക്ക് യൂണിയനിലുള്ള ഓഹരിയായും കൈമാറി.

എറണാകുളം മേഖല യൂണിയൻ 2015 നവംബർ 21-ാം തീയതി മുതൽ ലിറ്ററിന് 1 രൂപ 50 പൈസ നിരക്കിലും, 2016 ജനുവരി 1-ാം തീയതി മുതൽ ലിറ്ററിന് 2 രൂപ നിരക്കിലും, മേഖല യൂണിയൻ സംഘങ്ങൾക്ക് നൽകുന്ന പാലിന് പ്രോത്സാഹന വിലയായി നൽകുന്നുണ്ട്. പ്രതിദിനം 50 ലിറ്റർ കൂടുതൽ പാൽ സംഘങ്ങളിൽ നൽകുന്ന കർഷകർക്ക് ലിറ്ററിന് 50 പൈസ നിരക്കിൽ ഫാം ഇൻസെന്റീവ് നൽകുന്നുണ്ട്. ബാങ്ക് വായ്പയെടുത്ത് പശുവിനെ വാങ്ങുന്ന കർഷകന് പശുവൊന്നിന് 1500 രൂപ നിരക്കിൽ പലിശ സബ്സിഡി നൽകുകയും കുറഞ്ഞ പ്രീമിയം നിരക്കിൽ പശുക്കളെ മാസ്റ്റർ പോളിസിക്ക് കീഴിൽ ഇൻഷുറർ ചെയ്യുകയും ചെയ്യുന്നു. ഡയറി ഫാമിന്റെ യന്ത്രവൽക്കരണത്തിനും കാലിതൊഴുത്ത് നിർമ്മാണത്തിനും ധനസഹായം നൽകുന്നതോടൊപ്പം കുറഞ്ഞ നിരക്കിൽ വയ്ക്കോലും ചോളപ്പൊടിയും സംഘങ്ങളിലൂടെ കർഷർക്ക് വിതരണം നൽകുകയും ചെയ്യുന്നു. പട്ടികജാതി പട്ടികവർഗ്ഗത്തിൽപെട്ട ഗുണഭോക്താക്കൾക്ക് കറവപശുക്കളെയും കിടാരികളെയും നൽകുന്ന പദ്ധതികളും ബന്ധപ്പെട്ട വകുപ്പുകളുടെ ധനസഹായത്തോടെ നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ